LIBRARY ARCHIVES Kerala Legislative Assembly

മണലൂർ സബ്ട്രഷറി കെട്ടിട നിർമ്മാണം

258 (855) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും, പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ ജില്ലയിലെ കാഞ്ഞാണിയിൽ മണലൂർ സബ്ട്രഷറി കെട്ടിടം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് ട്രഷറി ഡയറക്ടറേറ്റിൽ നിന്നും ബിൽഡിംഗ് വിഭാഗം ചീഫ് എഞ്ചിനീയർക്ക് കത്തു ലഭിച്ചിരുന്നോ ;

(ബി) 4-8-2010-ലെ പി. എൻ.4 (എ1) 1753/09 നമ്പർ കത്തുമുഖേന എന്ത് വിവരമാണ് ട്രഷറി ഡയറക്ടറേറ്റ് ആവശ്യപ്പെട്ടിരുന്നത് ;

(സി) പ്രസ്തുത വിവരങ്ങൾ ട്രഷറി ഡയറക്ടറേറ്റിന് നൽകിയോ എന്നറിയിക്കാമോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ഡി) ഇല്ലെങ്കിൽ കാലതാമസത്തിനു കാരണമെന്ത് എന്നറിയിക്കുമോ ;

ഉത്തരം

(എ) ലഭിച്ചിട്ടുണ്ട്.

(ബി) കാഞ്ഞാണിയിലുള്ള പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിന്റെ ഒന്നാം നിലയിൽ സ്ട്രോംഗ് റൂം പണിയുന്നതിന്റെ സുരക്ഷിതത്വം പരിശോധിക്കുവാനാണ് ആവശ്യപ്പെട്ടിരുന്നത്.

(സി & ഡി) പ്രസ്തുത വിവരങ്ങൾ ട്രഷറി ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. പരിശോധനയിൽ പ്രസ്തുത കെട്ടിടത്തിന്റെ ഒന്നാം നില സ്ട്രോംഗ് റൂം പണിയുന്നതിന് യോഗ്യമല്ല എന്ന് കണ്ടതിനാൽ നിലവിലുള്ള കെട്ടിടത്തോടുചേർന്ന് മുകളിൽ സ്ട്രോംഗ് റൂമും താഴെ കൗണ്ടറും എന്ന രീതിയിൽ രണ്ട് നിലയിലുള്ള ഒരു കെട്ടിടം പണിയുന്നതിനെ സംബന്ധിച്ച് ഒരു വിദഗ്ദ്ധ സമിതി, സ്ഥലം പരിശോധിക്കുകയും ചെയ്തിട്ടുണ്ട്. സമിതിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ തൃശൂർ എഞ്ചിനീയറിംഗ് കോളേജ് പ്രസ്തുത സ്ഥലത്തെ മണ്ണ് പരിശോധിച്ച് പൈൽ ഫൗണ്ടേഷൻ വേണമെന്ന് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്.

കൊയിലാണ്ടി താലൂക്ക് ആശുപത്രി കെട്ടിടത്തിന്റെ നിർമ്മാണം

259 (856) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും, പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലബാർ പാക്കേജിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ കൊയിലാണ്ടി താലൂക്ക് ആശുപത്രിയുടെ ബഹുനില കെട്ടിടത്തിന്റെ പ്രവൃത്തിടെണ്ടർ കഴിഞ്ഞ് മാസങ്ങൾ കഴിഞ്ഞിട്ടും ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ പ്രവൃത്തിയുടെ കരാർ ഏറ്റെടുത്തത് ആരാണെന്നും ടെണ്ടർ നിരക്കിനെക്കാൾ എത്ര ശതമാനമാണ് ഇവർ കൂടുതൽ ആവശ്യപ്പെട്ടെന്നതും വ്യക്തമാക്കുമോ ;

(സി) ഈ ടെണ്ടർ അംഗീകരിക്കാനുള്ള തടസ്സമെന്താണെന്നും ഇതു പരിഹരിക്കാൻ എന്ത് നടപടി സ്വീകരിച്ചതെന്നും വ്യക്തമാക്കുമോ ;

(ഡി) മലബാർ പാക്കേജിൽ ഉൾപ്പെടുത്തിയ പ്രവൃത്തികളുടെ ഏതൊക്കെ ടെണ്ടറുകൾക്ക് അംഗീകാരം നൽകിയെന്നും അതിനൊക്കെ സ്വീകരിച്ച നടപടക്രമങ്ങൾ എന്തൊക്കെയായിരുന്നെന്നും അവ ഓരോന്നും ടെണ്ടർ നിരക്കിനെക്കാൾ കൂടുതൽ എത്ര ശതമാനമുണ്ടായിരുന്നെന്നും വിശദാംശം ലഭ്യമാക്കുമോ ;

(ഇ) കൊയിലാണ്ടി താലൂക്ക് ആശുപത്രിയുടെ പ്രവൃത്തി നടപടി ക്രമങ്ങൾ പൂർത്തിയാക്കി എപ്പോൾ ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി & സി) ഈ പ്രവൃത്തിയുടെ കരാർ ഏറ്റെടുത്തത് കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനാണ്. എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 12.93% കൂടുതൽ സിവിൽ വർക്കിനും 18.6% ഇലക്ട്രിക്കൽ വർക്കിനും ഇവർ ആവശ്യപ്പെട്ടിട്ടുണ്ട്.

22-6-2010-ലെ ടെണ്ടർ കമ്മിറ്റി പ്രസ്തുത നിരക്ക് അംഗീകരിച്ച് ധനകാര്യ വകുപ്പിന്റെ പരിശോധനയ്ക്കായി അയയ്ക്കുകയും ചെയ്തിട്ടുണ്ട്. പ്രാദേശിക നിരക്കും പൊതുമരാമത്ത് നിരക്കും തമ്മിലുള്ള വ്യത്യാസം സംബന്ധിച്ചുള്ള സാക്ഷ്യപത്രം ലഭിക്കുന്നതിനുള്ള കാലതാമസമാണ് ടി ടെണ്ടർ അംഗീകരിക്കുന്നതിനുള്ള തടസ്സമായിരുന്നത്. ഇത് ലഭ്യമാക്കുകയും പ്രസ്തുത ടെണ്ടർ അംഗീകരിക്കുന്നതിന് ധനകാര്യ വകുപ്പിനോട് ശുപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്.

(ഡി) മലബാർ പാക്കേജിൽ ഉൾപ്പെടുത്തി ടെണ്ടർ അംഗീകരിച്ച കെട്ടിടനിർമ്മാണ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. * നിരത്തുകളുടെ പ്രവൃത്തികളുമായി ബന്ധപ്പെട്ട വിവരം ശേഖരിച്ചുവരുന്നു.

(ഇ) ടെണ്ടർ അംഗീകരിക്കുന്ന മുറയ്ക്ക് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly